22407
9/12/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **3664/2019/റവ.** തിരുവനന്തപുരം, തീയതി, 06.12.2019.

==========================================================================

പരാമർശം:- 1. സ.ഉ. (സാധാ) നം. 5088/2018/റവ., തീയതി, 08.12.2018.
2. സ.ഉ. (സാധാ) നം. 134/2019/റവ., തീയതി, 14.01.2019.
3. സ.ഉ. (സാധാ) നം. 2020/2019/റവ., തീയതി, 25.07.2019.
4. സ.ഉ. (സാധാ) നം. 2061/2019/റവ., തീയതി, 27.07.2019.
5. ആലപ്പുഴ ജില്ലാ കളക്ടറുടെ 11.11.2019-ലെ എൻ1-28248/2018 നമ്പർ കത്ത്.

## ഉത്തരവ്

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 126,55,00,000/- രൂപയും പരാമർശം (2) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനുശേഷം ലഭിച്ച അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി പരാമർശം (3) പ്രകാരം 100,00,00,000/- രൂപയും പരാമർശം (4) പ്രകാരം 83,00,00,000/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കുട്ടനാട്, അമ്പലപ്പുഴ തഹസിൽദാർമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുമ്പ് അനുവദിച്ച ധനസഹായത്തിനു പുറമേ ഫേസ് III യിൽ വിതരണം ചെയ്യുന്നതിനായി കുട്ടനാട് താലൂക്കിൽ 2,12,97,200/- രൂപയും അമ്പലപ്പുഴ താലൂക്കിൽ 11,09,77,150/- രൂപയും ഉൾപ്പെടെ ആകെ 13,22,74,350/- രൂപ (പതിമൂന്ന് കോടി ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) കൂടി ജില്ലയിൽ വിതരണത്തിനാവശ്യമുള്ളതാണെന്നും ആയത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അടിയന്തിരമായി അനുവദിക്കണമെന്നും ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചു.

3. ഫേസ് III-യിൽ കുട്ടനാട്, അമ്പലപ്പുഴ താലൂക്കുകൾക്ക് അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ആലപ്പുഴ ജില്ലാകളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കുകയുണ്ടായി.

| നഷ്ട ശതമാനം | കുട്ടനാട് | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | ആവശ്യമായ ഫണ്ട് |
|---|---|---|---|
| 15.00% | 30 | 4800 | 144000 |
| 16-29% | 45 | 31500 | 1417500 |
| 30-59% | 45 | 77500 | 3487500 |

| | | | |
|---|---|---|---|
| 60-74% | 25 | 179000 | 4475000 |
| 75-100% | 165 | 304900 | 50308500 |
| | | **ആകെ** | **59832500** |
| | | Allotted | 38535300 |
| | | Balance amount required | 21297200 |

| നഷ്ട ശതമാനം | **അമ്പലപ്പുഴ** | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | ആവശ്യമായ ഫണ്ട് |
|---|---|---|---|
| 16-29% | 355 | 31500 | 11182500 |
| 30-59% | 192 | 77500 | 14880000 |
| Above 75% 2nd installment | 245 | 152450 | 37350250 |
| Above 75% 3rd installment | 312 | 152450 | 47564400 |
| | | **ആകെ** | **110977150** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2), (3), (4) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ കുട്ടനാട് താലൂക്കിൽ 2,12,97,200/- രൂപയും, അമ്പലപ്പുഴ താലൂക്കിൽ 11,09,77,150/- രൂപയും ഉൾപ്പെടെ ആകെ 13,22,74,350/- രൂപ (പതിമൂന്ന് കോടി ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായി വരുന്ന 13,22,74,350/- രൂപ (പതിമൂന്ന് കോടി ഇരുപത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത. എൽ,
സ്പെഷ്യൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol. K N

സെക്ഷൻ ഓഫീസർ.